ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20-03-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉത്തർപ്രദേശിലെ രാമകൃഷ്ണ മിഷൻ സേവാശ്രമ ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച ഓങ്കോളജി ബ്ലോക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു.

**President Droupadi Murmu inaugurates newly established oncology block at Ramakrishna Mission Sevashrama Hospital in Uttar Pradesh.**

2. ഇന്ന് ലോക വദന ആരോഗ്യ ദിനം , മെച്ചപ്പെട്ട ദന്താരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ.

**World Oral Health Day is today; Union Health Minister J.P. Nadda urges the public to cultivate better dental health habits.**

3. ടെഹ്റാനിൽ ഇസ്രയേലിന്റെ വ്യോമാക്രമണം. ഗൾഫ് മേഖലയിലെ ഊർജ്ജ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം ശക്തമാക്കി ഇറാൻ.

**Israel carries out airstrikes in Tehran; Iran intensifies attacks on energy centers in the Gulf region.**

4. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് രംഗം സജീവം. അവധി ദിനങ്ങളിൽ നാമനിർദ്ദേശപത്രികാ സമർപ്പണം ഉണ്ടായിരിക്കില്ലെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ.

**Assembly election campaigning gains momentum in Kerala; Chief Electoral Officer says no nomination filing on holidays.**

5. വ്രതശുദ്ധിയുടെ നിറവിൽ ഇസ്ലാംമത വിശ്വാസികൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു.

**Muslim believers celebrate Eid-ul-Fitr with religious fervor.**

6. 2026 ലെ അണ്ടർ-23 ത്രിരാഷ്ട്ര ചാമ്പ്യൻഷിപ്പ് ഈ മാസം 25 മുതൽ അരുണാചൽ പ്രദേശിൽ നടക്കും.

**2026 Under-23 Tri-Nation Championship begins in Arunachal Pradesh on the 25th of this month.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PRESIDENT**

ഉത്തർപ്രദേശിലെ വൃന്ദാവനിൽ, രാമകൃഷ്ണ മിഷൻ സേവാശ്രമ ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച നന്ദ് കിഷോർ സോമാനി ഓങ്കോളജി ബ്ലോക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യു. ക്യാൻസർ പരിചരണ സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ഓങ്കോളജി ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നത്. ബ്ലോക്കിൽ നൂതന റേഡിയോതെറാപ്പി, ആധുനിക രോഗനിർണയ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്. ഇന്ന് വൈകുന്നേരം, വയോധികരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും പരിചരണത്തിനായി പ്രവർത്തിക്കുന്ന വാത്സല്യ ഗ്രാം ക്ഷേമ സംഘടന ശ്രീമതി മുർമു സന്ദർശിക്കും.

&&&&&&&&&&&&&&&&&

**PM Modi Talks**

ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ താനിയുമായി ടെലിഫോണിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, അദ്ദേഹത്തിനും ഖത്തർ ജനതയ്ക്കും ഈദ് ആശംസകൾ നേർന്നു. ഇന്ത്യ ഖത്തറിനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും മേഖലയിലെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ആക്രമണങ്ങളെ ശക്തമായി അപലപിക്കുകയും ചെയ്യുന്നുവെന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ സമൂഹത്തിന് ഖത്തർ നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു. ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതവും സ്വതന്ത്രവുമായ ഗതാഗതത്തിന് വേണ്ടിയാണ് ഇന്ത്യയും ഖത്തറും നിലകൊള്ളുന്നതെന്നും ശ്രീ നരേന്ദ്രമോദി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&

**HEADLINE-2**

**NADDA- ORAL HEALTH**

മെച്ചപ്പെട്ട ദന്താരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡ ജനങ്ങളോടഭ്യർത്ഥിച്ചു. ലോക വദന ആരോഗ്യ ദിനത്തോട് അനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ നൽകിയ സന്ദേശത്തിൽ ഇത്തരം ശീലങ്ങൾ വളർത്തിയെടുക്കാൻ കുടുംബങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വദന ശുചിത്വം ദന്താരോഗ്യം എന്നിവ സംബന്ധിച്ച് അവബോധം വളർത്തുന്നത് ലക്ഷ്യമിട്ടാണ് മാർച്ച് 20 ലോക വദന ആരോഗ്യ ദിനമായി ആചരിക്കുന്നത്

&&&&&&&&&&&&&&&&&

**RANDHIR JAISWAL- INTRO**

***ഗൾഫ് മേഖലയിലെ സംഘർഷത്തെ തുടർന്നുണ്ടായ പാചക വാതക ദൗർലഭ്യത്തിൽ ആശങ്ക അറിയിച്ച് ഇന്ത്യ. എൽപിജി വിതരണം ആശങ്കാജനകമാണെന്ന് ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് മുൻഗണന നൽകുന്നത് . എൽപിജി വിതരണ സ്രോതസ്സുകൾ***

*വൈവിധ്യവത്കരിക്കാൻ ശ്രമിക്കുന്നതായും ശ്രീ രൺധീർ ജയ്സ്വാൾ അറിയിച്ചു.*

*(വോയിസ് - രൺധീർ ജയ്സ്വാൾ)*

&&&&&&&&&&&&&&&&&&

**HEADLINE-3**

**ISRAEL-IRAN- ATTACK**

ഇസ്രയേൽ-ഇറാൻ യുദ്ധം രൂക്ഷമാകുന്നതിനിടെ, ടെഹ്റാനിൽ ഇസ്രയേലിന്റെ വ്യോമാക്രമണം. ഇറാനിൽ നൗറൂസ് ആഘോഷം പുരോഗമിക്കുന്നതിടെയാണ് ആക്രമണം. ഇറാനിലെ പ്രധാന വാതക മേഖല ആക്രമിക്കില്ലെന്ന് ഇസ്രയേൽ അറിയിച്ചെങ്കിലും പിന്നാലെയായിരുന്നു നീക്കം. അതേസമയം, ഗൾഫിലുടനീളമുള്ള ഊർജ്ജ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണം ഇറാൻ ശക്തമാക്കി. ഈദ് ഉൽ-ഫിത്തർ പ്രാർത്ഥനയ്ക്കിടെ ഉണ്ടായ ആക്രമണത്തെ വ്യോമ പ്രതിരോധ സേന തടഞ്ഞെങ്കിലും ഇന്ന് പുലർച്ചെയോടെ ദുബായിലും സ്ഫോടനങ്ങൾ ഉണ്ടായി.

&&&&&&&&&&&&&&&&&&

**US BILL -FOREIGN STUDENTS**

വിദേശ വിദ്യാർത്ഥികൾക്കായുള്ള തൊഴിൽ പദ്ധതി സംരക്ഷിക്കുന്നതിന്റെ ഭാഗമായി അമേരിക്കൻ പാർലമെന്റിൽ പുതിയ ബില്ല് അവതരിപ്പിച്ചു. ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗ് പ്രോഗ്രാം നിർത്തലാക്കിയേക്കുമെന്ന് നവംബറിൽ ട്രംപ് ഭരണകൂടം സൂചന നൽകിയതിന് പിന്നാലെയാണ് ഈ നീക്കം. ഇന്ത്യയിൽ നിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദേശ ബിരുദധാരികളെ രാജ്യത്ത് നിലനിർത്താനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പഠനവിഷയവുമായി ബന്ധപ്പെട്ട പ്രായോഗിക പരിചയം നേടാൻ വിദ്യാർത്ഥികളെ അനുവദിക്കുന്ന ഈ പദ്ധതിക്ക് കൂടുതൽ വ്യക്തതയും ഉത്തരവാദിത്തവും നൽകാൻ നിയമനിർമ്മാണം സഹായിക്കും.

&&&&&&&&&&&&&&&&&&

**INDIGO-ADVISORY**

ഡൽഹിയിൽ കനത്ത മഴയും ഇടിമിന്നലും പ്രതീക്ഷിക്കുന്ന പശ്ചാത്തലത്തിൽ യാത്രനിർദേശം പുറത്തിറക്കി ഇൻഡിഗോ എയർലൈൻസ്. വിമാനത്താവളത്തിലേക്ക് യാത്ര തിരിക്കും മുൻപായി ഏറ്റവും പുതിയ അറിയിപ്പുകൾ പരിശോധിക്കണം. മോശം കാലാവസ്ഥയാണെങ്കിൽ വിമാനസർവീസുകൾ റദ്ദാക്കാനുള്ള സാധ്യതയുണ്ടെന്നും ഇൻഡിഗോ സമൂഹമാധ്യമത്തിലൂടെ വ്യക്തമാക്കി..

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-4**

**KLA ELECTION**

മൂന്ന് മുന്നണികളും സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കിയതോടെ കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് രംഗം സജീവമായി. കോൺഗ്രസ്സ് 37 സീറ്റുകളിലെ രണ്ടാം പട്ടിക ഇന്നലെ രാത്രി പുറത്തുവിട്ടു. എൽ ഡി എഫിന്റെ സ്ഥാനാർത്ഥി പട്ടികയും പൂർണമായി. എൻ ഡി എ ഘടക കക്ഷിയായ ബി ഡി ജെ എസ് മത്സരിക്കുന്ന 23 മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളായി. പാർട്ടി സ്ഥാനാർത്ഥികൾ മിക്കവരും റോഡ് ഷോകൾ സംഘടിപ്പിക്കുകയാണ്.

&&&&&&&&&&&&&&&&&&

**KERALA - ASSEMBLY ELECTION**

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ അവധി ദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. ഈ മാസം 23 വരെ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന 24 ന് നടക്കും. നാമനിർദ്ദേശ പത്രികകൾ 26 വരെ

പിൻവലിക്കാം. കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഏപ്രിൽ 9 ന് നടക്കും. മെയ് 4 നാണ് വോട്ടെണ്ണൽ .

&&&&&&&&&&&&&&&&&&

**S I R**

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർക്കാൻ തിങ്കളാഴ്ച വരെ സമയം. ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&

**CHECKPOST**

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരള -കർണാടക അതിർത്തിയിൽ പരിശോധന കർശനമാക്കി. ഇലക്ഷൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചുകൊണ്ട് സ്റ്റാറ്റിക് സർവേയലൻസ് ടീമിന്റെ നേതൃത്വത്തിലാണ് പരിശോധന തുടങ്ങിയത്. ലഹരി വസ്തുക്കൾ, കള്ളപ്പണം, ആയുധം, സ്ഫോടകവസ്തുക്കൾ എന്നിവയുടെ കടത്ത് തടയുന്നതിനാണ് പരിശോധന.

&&&&&&&&&&&&&&&&&&

**HEADLINE-5**

**IDUL FITRE (INTRO)**

*വ്രതാനുഷ്ഠാനവും പ്രാർത്ഥനകളും സജീവമാക്കിയ റംസാൻ മാസത്തിലെ ദിനരാത്രങ്ങൾക്കൊടുവിൽ ഇസ്ലാം മത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. രാവിലെ മസ്ജിദുകളിലും വിവിധ ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്കാരം നടന്നു.*

*വിശദാംശങ്ങളിലേക്ക്.....*

*(VO)*

*പരസ്പരം ആശംസകൾ നേർന്നും ബന്ധുക്കളെ സന്ദർശിച്ചും ചെറിയ പെരുന്നാൾ ദിനം ചെലവിടുകയാണ് വിശ്വാസികൾ. ഗൾഫ് രാജ്യങ്ങളിലും ഇന്നാണ് ചെറിയ പെരുന്നാൾ. സംഘർഷ പശ്ചാത്തലത്തിൽ ഗൾഫിൽ ഈദ് ഗാഹിനും പൊതു സ്ഥലത്തെ ഒത്തുചേരലിനും നിയന്ത്രണമുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നാളെയാണ് ഈദുൽ ഫിത്ർ.*

*തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടന്ന ഈദ് നമസ്കാരത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു .*

*പാളയം ഇമാം വി.പി സുഹൈബ് മൗലവി ഈദ് നമസ്കാരത്തിന് നേതൃത്വം നൽകി. പെരുന്നാളിന്റെ സന്ദേശം എന്നത് സമാധാനത്തിന്റെ സന്ദേശം കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു. കോഴിക്കോട് ചക്കാലക്കൽ സ്കൂൾ ഗ്രൗണ്ടിൽ നടന്ന ഈദ് ഗാഹിന് ഹുസൈൻ മടവൂർ നേതൃത്വം നൽകി. മനുഷ്യസ്നേഹവും സൗഹാർദ്ദവുമാണ് പെരുന്നാളിന്‍റെ പൊരുളെന്ന് അദ്ദേഹം പറഞ്ഞു.*

*മലപ്പുറത്ത് മസ്ജിദുകളിലും ഈദ് ഗാഹുകളിലും പ്രത്യേക പ്രാർത്ഥനകൾ നടന്നു. മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിൽ നടന്ന സംയുക്ത ഈദ്ഗാഹിന് ശിഹാബ് പൂക്കോട്ടൂർ നേതൃത്വം നൽകി. പൊന്നായി ഹാർബർ മൈതാനത്ത് നടന്ന സംയുക്ത ഈദ് ഗാഹിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&

## HEADLINE-6

## TRI NATION CHAMPIONSHIP

2026 ലെ അണ്ടർ-23 ത്രിരാഷ്ട്ര ചാമ്പ്യൻഷിപ്പ് ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം സുനിൽ ഛേത്രി പങ്കെടുക്കും. ഈ മാസം 25, 28, 31 തീയതികളിൽ അരുണാചൽ പ്രദേശിലാണ് മത്സരം. ഇന്ത്യ, ഭൂട്ടാൻ, തജിക്കിസ്ഥാൻ എന്നീ മൂന്ന് ടീമുകളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&

## HEADLINE-6

## ATHLETICS CHAMPIONSHIP

2028 -ലെ ലോക ഇൻഡോർ അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ത്യ വേദിയാകും. പോളണ്ടിൽ നടന്ന ലോക അത്ലറ്റിക്സ് കൗൺസിൽ യോഗത്തിലാണ് തീരുമാനം . ഒഡിഷയിലെ കലിംഗ സ്റ്റേഡിയം കോംപ്ലക്സായിരിക്കും പ്രധാന വേദി. ഈ വർഷത്തെ ചാമ്പ്യൻഷിപ്പിന് ഇന്ന് പോളണ്ടിൽ തുടക്കമാകും.

&&&&&&&&&&&&&&&&&&

## SENSEX + GOLD

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 653 പോയിന്റ് ഉയർന്ന് 74,860 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 216 പോയിന്റ് ഉയർന്ന് 23,218 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. ഗ്രാമിന് 60 രൂപ വർധിച്ച് 13,835 രൂപയും പവന് 480 രൂപ കൂടി ഒരു ലക്ഷത്തി 10,680 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## SREE CHITHRA CONCLAVE

രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിക്കുന്ന റിസർച്ച് ആൻറ് ടെക്നോളജി കോൺക്ലേവ്-2026 തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയുടെ പൂജപ്പുരയിലെ ബയോമെഡിക്കൽ ടെക്നോളജി വിഭാഗത്തിലാണ് പരിപാടി. ശാസ്ത്രജ്ഞർ, യുവഗവേഷകർ, വ്യവസായമേഖലയുടെ പ്രതിനിധികൾ തുടങ്ങിയവർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. കോൺക്ലേവ് ഇന്ന് സമാപിക്കും.

&&&&&&&&&&&&&&&&&&

## HYDROPONIC CANNABIS

മുംബൈയിലെ ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ 64 കോടിയോളം രൂപ വിലമതിക്കുന്ന ഹൈഡ്രോപോണിക് കഞ്ചാവ് പിടികൂടി. ഇതുമായി ബന്ധപ്പെട്ട് ഒരു വിദേശിയടക്കം നാല് പേരെ കസ്റ്റംസ് വകുപ്പിന്റെ എയർ ഇന്റലിജൻസ് വിഭാഗം അറസ്റ്റ് ചെയ്തു.

ബാങ്കോക്കിൽ നിന്ന് കടത്തിക്കൊണ്ടുവന്ന കഞ്ചാവാണ് പരിശോധനയ്ക്കിടെ കസ്റ്റംസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തത്.

&&&&&&&&&&&&&&&&&

**SPARROW**

കുരുവികളെ സംരക്ഷിക്കുക, പരിസ്ഥിതിയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി ഇന്ന് ലോകകുരുവിദിനം പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ചെറിയ കുരുവികൾക്കു പ്രധാന പങ്കുണ്ട്. വംശനാശത്തിലേക്കടുക്കുന്ന കുരുവികളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് എല്ലാവർഷവും മാർച്ച് 20 ലോക കുരുവി ദിനമായി ആചരിക്കുന്നത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&